LIBRARY ARCHIVES Kerala Legislative Assembly

കൊയിലാണ്ടി മണ്ഡലത്തിലെ എൽ.എസ്.ജി.ഡി.-ക്ക് കീഴിൽ വരുന്ന പ്രവൃത്തികൾ

158 (5511) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മണ്ഡലത്തിലെ എൽ. എസ്. ജി. ഡി.-ക്ക് കീഴിൽ വരുന്ന LAC-ADS പ്രവൃത്തികളായ ആലിപ്പുറത്ത്-കൻമനത്താഴ റോഡ് (കൊയിലാണ്ടി നഗരസഭ) പയ്യോളി പഞ്ചായത്തിലെ ശ്രീ കുറുംബ ഭഗവതി ക്ഷേത്രം റോഡ് എന്നിവയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽ നിന്നും 7540/PWD/PS2/15 തീയതി25-3-2015 പ്രകാരം LSGD-യിലെ ഏത് സെക്ഷനിലാണ് ഫയലായി എത്തിയത് എന്നും പ്രസ്തുത ഫയൽ (ഇ-ഫയൽ) LSGD DA2 സെക്ഷനിൽ നിന്നും നഗരസഭ റോഡുകൾ കൈകാര്യം ചെയ്യുന്ന LSGD DA3 സെക്ഷനിലേക്ക് കൈമാറിയിട്ടുണ്ടായിരുന്നുവോ ; ഉണ്ടെങ്കിൽ പ്രസ്തുത ഫയൽ ട്രാൻസ്ഫറിന്റെ വിവരങ്ങൾ വ്യക്തമാവുന്ന ഇന്റേണൽ റഫറൻസ് നംബർ/ഫയൽ നമ്പർ വ്യക്തമാക്കാമോ ;

(ബി) LSGD ഡി.സി.3 സെക്ഷനിലെ 8933/DC3/2015 നമ്പർ ഫയൽ ഒറിജിനേറ്റ് ചെയ്തത് എപ്രകാരമാണ് എന്നത് വ്യക്തമാക്കാമോ ; ഈ ഫയൽ പ്രസ്തുത സെക്ഷനിൽ എന്നാണ് നടപ്പിൽ വന്നത് അഥവാ രജിസ്റ്റർ ചെയ്തത് ; പ്രസ്തുത ഫയലുമായി ബന്ധപ്പെട്ട ഇ ഫയൽ നം 162484/15-ൽ എന്തെല്ലാം രേഖകളാണ് ലഭ്യമായിട്ടുള്ളത് ; ഇ-ഫയലിൽ മേൽ പറഞ്ഞ രണ്ട് റോഡുകളുടെയും എസ്റ്റിമേറ്റ് ലഭ്യമാണോ : PWD-യിൽ നിന്നും സമർപ്പിച്ച റഫറൻസ് പ്രസ്തുത ഇ ഫയലിൽ വായിക്കാൻ കഴിയുന്നതാണോ ; വിശദമായി വ്യക്തമാക്കാമോ ;

(സി) ഈ രണ്ട് റോഡുകൾക്കും A.S. നൽകുന്നതിനുള്ള ധനകാര്യാനുമതി ഫിനാൻസ് NCC2 സെക്ഷനിൽ നിന്നും LSGD DA2 സെക്ഷനിൽ ലഭിച്ചിരുന്നുവോ ; പ്രസ്തുത ഫിനാൻഷ്യൽ കൺകറൻസ് ലഭിച്ചിട്ടും LSGD DA2 സെക്ഷനിൽ പഞ്ചായത്ത് അധീനതയിൽ ഉള്ള റോഡുമാത്രമേ കൈകാര്യം ചെയ്യുവാനുള്ളൂ, നഗരസഭയുടെ പരിധിയിലുള്ള റോഡ് LSGD DC3 സെക്ഷനിലാണ് നടപടികൾ സ്വീകരിക്കുന്നത് എന്നതിനാൽ രണ്ട് റോഡുകൾക്കും ഫിനാൻഷ്യൽ കൺകറൻസ് നൽകിയ ധനകാര്യ വകുപ്പിലെ നടപടി ഭേദഗതി വരുത്തി പുതുക്കി നൽകണമെന്നാവശ്യപ്പെട്ട് DA2 സെക്ഷനിൽ നിന്നും ഫയൽ ഫിനാൻസ് NCC2 സെക്ഷനിലേക്ക് പുനഃസമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ഫയലിന്റെ പരിപൂർണ്ണ പകർപ്പ് (നോട്ട് ഫയൽ, കറണ്ട് ഫയൽ, നടപടിക്രമങ്ങൾ മുതലായ മുഴുവൻ രേഖകളും) ലഭ്യമാക്കാമോ ;

(ഡി) രണ്ട് റോഡുകളുടെയും ഫിനാൻഷ്യൽ കൺകറൻസ് LSGD-DA2 സെക്ഷനിൽ ലഭിച്ച സ്ഥിതിക്ക് DC3-യുമായി ബന്ധപ്പെട്ട കൺകറൻസ് ഇ-ഫയലിലൂടെ DC3 സെക്ഷനിലേക്ക് ഇന്റേണൽ റഫറൻസിലൂടെ നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടായിരുന്നുവോ ; വിശദമാക്കുമോ ;

(ഇ) LSGD DC3 സെക്ഷനിൽ ഫയൽ ലഭിച്ചിട്ട് ഇപ്പോൾ എത്ര ദിവസമായി എന്നും ഇതുവരെ എന്ത് നടപടികൾ സ്വീകരിച്ചു എന്നും വിശദമായി വ്യക്തമാക്കാമോ ; ഈ ഫയലിൽ നടപടികൾ മുന്നോട്ട് നീങ്ങുന്നതിൽ വളരെയധികം കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അടിയന്തരമായി ഫയലിൽ തീരുമാനമായി അഡീഷണൽ സെക്രട്ടറി ഉത്തരവ് പുറപ്പെടുവിക്കാൻ എത്ര ദിവസം വേണ്ടിവരും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പിലാണ് LAC-ADS പ്രവൃത്തികളായ ആലിപ്പുറത്ത് കൻമനത്താഴ റോഡ് (കൊയിലാണ്ടി നഗരസഭ), പയ്യോളി പഞ്ചായത്തിലെ ശ്രീ കുറുംബ ഭഗവതിക്ഷേത്രം റോഡ് എന്നിവയുടെ എസ്റ്റിമേറ്റാണ് പൊതുമരാമത്ത് വകുപ്പിൽനിന്നും ഫയലായി ലഭിച്ചത്. പ്രസ്തുത ഫയലിലെ നഗരസഭ റോഡ് സംബന്ധിച്ച വിഷയത്തിൽ തുടർ നടപടികൾക്കായി e-162484 നമ്പർ പ്രകാരം 27-3-2015-ൽ ഡി.സി. വകുപ്പിന് ലഭിച്ചിരുന്നു.

(ബി) 31-3-2015-ൽ 8933/DC3/2015 നമ്പർ ആയി നഗരസഭ റോഡിന്റെ എസ്റ്റിമേറ്റ് അടങ്ങിയ തപാൽ (ഡി.എ. സെക്ഷനിൽനിന്നും ലഭിച്ചത്) പേഴ്സണൽ രജിസ്റ്ററിൽ രജിസ്റ്റർ ചെയ്യുകയും എസ്റ്റിമേറ്റിന്റെ ഒറിജിനൽ വച്ച് ഫയൽ ആരംഭിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത ഫയലിൽ പൊതുമരാമത്ത് റോഡ്സ് വിഭാഗം ചീഫ് എഞ്ചിനീയറുടെ നിർദ്ദേശം ഇല്ലെന്ന കാരണത്താൽ വിശദമായ നിർദ്ദേശം സമർപ്പിക്കാൻ ചീഫ് എഞ്ചിനീയറോട് 20-04-2015-ലെ 8933/DC3/ 2015 കത്ത് പ്രകാരം ആവശ്യപ്പെടുകയുണ്ടായി. എന്നാൽ പ്രസ്തുത ഫയലുമായി ബന്ധപ്പെട്ട ഇ-ഫയലിൽ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ (റോഡ്സ് ആന്റ് ബ്രിഡ്ജസ്) നിർദ്ദേശവും രണ്ട് റോഡുകളുടെയും എസ്റ്റിമേറ്റും ഉണ്ടായിരുന്നു. അത് വായിക്കാൻ കഴിയുന്നതാണ്. എന്നാൽ ആസ്തി വികസനവുമായി ബന്ധപ്പെട്ട ഫയലുകൾ ഡി.സി. സെക്ഷനിൽ കൈകാര്യം ചെയ്തുവരുന്നത് physical file മുഖാന്തരമാണ്. തുടർന്ന് ഏപ്രിൽ മാസത്തിൽതന്നെ പ്രസ്തുത സീറ്റിലെ അസിസ്റ്റന്റ് ലീവിൽ പോയതിനാൽ അമിത ജോലിഭാരം നിമിത്തം പ്രസ്തുത നിർദ്ദേശം ഇ-ഫയലിൽ ഉള്ള വിവരം 10-4-2015-ൽ ചാർജ്ജെടുത്ത സെക്ഷൻ ഓഫീസറുടെ ശ്രദ്ധയിൽപ്പെട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ലഭിച്ചിരുന്നു. പുനഃസമർപ്പിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പിന്റെ ഇമുമായി ബന്ധപ്പെട്ട കറിപ്പു ഫയലിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.*

(ഡി&ഇ) തടസ്സമുണ്ടായിരുന്നോ എന്ന കാര്യം (ഡി.എ.) വകുപ്പ് വ്യക്തമാക്കിയിട്ടില്ല. ഡി.സി. സെക്ഷനിൽ ഫയൽ ലഭിച്ചിട്ട് ഇപ്പോൾ 114 ദിവസമായി. പ്രസ്തുത പ്രവൃത്തിക്ക് 41 ലക്ഷം രൂപയുടെ ഭരണാനുമതി തദ്ദേശ സ്വയംഭരണ (ഡി.സി.) വകുപ്പിൽനിന്നും 23-7-2015 ലെ ജി.ഒ.(ആർ.ടി) നമ്പർ 2250/2015/ തസ്വഭവ എന്ന ഉത്തരവുപ്രകാരം നൽകിയിട്ടുണ്ട്. ഇ-ഫയലിൽ നടപടികൾ മുന്നോട്ട് നീങ്ങുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്തെന്നാൽ ഡി.സി. സെക്ഷനിൽ ഉണ്ടായിരുന്ന അസിസ്റ്റന്റ് ലീവിൽ പോയതിനെ തുടർന്ന് സെക്ഷൻ ഓഫീസറുടെ ജോലിഭാരം ഇരട്ടിച്ചതുമൂലം ശരിയായ രീതിയിൽ ഇ-ഫയൽ ശ്രദ്ധിക്കാൻ കഴിയാതെ വന്ന അവസ്ഥയും ഇതിനുപുറമേ ആസ്തിവികസനവുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളും ഡി.സി. സെക്ഷനിൽ കൈകാര്യം ചെയ്യുവരുന്നത് physical ഫയൽ മുഖാന്തരമായതിനാലാണ് ഇക്കാര്യത്തിൽ ബോധപൂർവ്വമല്ലാത്ത കാലതാമസം ഉണ്ടായത്. അടിയന്തരമായി ഫയലിൽ തീരുമാനമായാൽ, മറ്റ് ഒഴിവാക്കാൻ കഴിയാത്ത മീറ്റിംഗുകളുമായി ബന്ധപ്പെട്ട് ഔദ്യോഗിക തിരക്കില്ലെങ്കിൽ കരട് ഉത്തരവ് സെക്ഷനിൽനിന്നും നൽകുന്ന ദിവസംതന്നെ ഉത്തരവാക്കാൻ കഴിയും.

മാവേലിക്കര വള്ളിക്കുന്നം പഞ്ചായത്തിലെ ആസ്തി വികസന പദ്ധതി

159 (5512) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര വള്ളികുന്നം പഞ്ചായത്തിലെ അയ്യൻകാളി സാംസ്കാരിക നിലയത്തിന് ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് എം.എൽ.എ. നിർദ്ദേശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായെങ്കിലും നാളിതുവരെയും ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടി വൈകുന്നതിന്റെ കാരണം വിശദമാക്കുമോ ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly